LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകരുടെ ശമ്പളപരിഷ്ക്കരണ ആനുകൂല്യങ്ങൾ

357 [2416] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-1997 സ്കൂൾ വർഷം 1997-ൽ മാർച്ച് 31-ന് സർവീസിൽ നിന്നും വിരമിച്ച എത്ര അദ്ധ്യാപകരാണ് സംസ്ഥാനത്തുള്ളത്;

(ബി) അവർക്ക് 1-3-1997-ൽ നടപ്പിലാക്കിയ ശമ്പളപരിഷ്ക്കരണത്തിന്റെ ആനുകൂല്യം നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) 1997 മാർച്ച് 31-ന് സർവീസിൽ നിന്നും വിരമിച്ച അദ്ധ്യാപകർക്ക് 1-3-1997-ൽ നടപ്പിലാക്കിയ ശമ്പളപരിഷ്ക്കരണത്തിന്റെ ആനുകൂല്യം നൽകണമെന്ന് ഹൈക്കോടതി വിധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ആ വിധി നടപ്പിലാക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകർ ആരും തന്നെ 1997 മാർച്ച് 31-ന് സർവീസിൽനിന്നും വിരമിച്ചിട്ടില്ല. പൊതുവിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുള്ളതുകൊണ്ട് ഹൈക്കോടതി വിധി നടപ്പിലാക്കിയില്ല.

പ്രൊട്ടക്ഷനിൽ പോകുന്ന അദ്ധ്യാപകരുടെ സീനിയോറിറ്റി നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ നടപടി

358 [2417] ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊട്ടക്ഷനിൽ പോകേണ്ടിവരുന്ന സ്വകാര്യ സ്കൂൾ അദ്ധ്യാപകർക്ക് മാതൃ സ്കൂളിൽ തിരിച്ചെത്തുന്ന മുറയ്ക്ക് മാതൃ സ്കൂളിൽ നിയമനം ലഭിച്ച കാലം മുതലുള്ള സീനിയോറിറ്റിയാണോ കണക്കാക്കുന്നത്;

(ബി) പ്രൊട്ടക്ഷനിൽ നിന്ന് തിരികെ വരുന്ന അദ്ധ്യാപകരുടെ സീനിയോറിറ്റി തിരികെ മാതൃ സ്കൂളിൽ പ്രവേശിക്കുന്ന തീയതി മുതൽ കണക്കാക്കിയാൽ മതിയെന്ന എന്തെങ്കിലും നിർദ്ദേശം സർക്കാർ ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ടോ;